മീറ്റർ റീഡിംഗ്

3 (370) ശ്രീ. എ. കെ. ബാലൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. സാജു പോൾ :
ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ഉപഭോക്താക്കളുടെ മീറ്റർ റീഡിംഗ് എടുക്കുന്നതിന് കഴിയാതെ വന്നാൽ പിഴ ഈടാക്കുന്നതിന് തീരുമാനം എടുക്കുകയുണ്ടായിട്ടുണ്ടോ ; എങ്കിൽ ഇപ്രകാരം തീരുമാനം എടുത്ത സാഹചര്യം വിശദമാക്കുമോ ;

(ബി) പ്രസ്തുത തീരുമാനം പിൻവലിച്ചുകൊണ്ട് ഉത്തരവുണ്ടായിട്ടുണ്ടോ ; ഇല്ലെങ്കിൽ തൽക്കാലം നിർത്തിവെക്കപ്പെട്ടിട്ടുള്ള പ്രസ്തുത നിർദ്ദേശം പൂർണ്ണമായി പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. വൈദ്യുതി വിതരണവും നിരക്കും സംബന്ധിച്ച് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ്, 2014 പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വിവിധ ചാർജ്ജുകൾ നിശ്ചയിച്ചുകൊണ്ട് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 1-7-2015-ൽ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ചട്ടത്തിന്റെയും ഉത്തരവിന്റെയും അടിസ്ഥാനത്തിലാണ് ബോർഡ് തീരുമാനം എടുത്തിട്ടുള്ളത്.

(ബി) തീരുമാനം താൽക്കാലികമായി മരവിപ്പിച്ചിട്ടുണ്ട്. റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള ചട്ടത്തിന്റെയും, ഉത്തരവിന്റെയും അടിസ്ഥാനത്തിൽ എടുത്ത തീരുമാനമായതിനാൽ ഇത് പൂർണ്ണമായി പിൻവലിക്കുന്നതിന് റെഗുലേറ്ററി കമ്മീഷന്റെ അനുമതി ആവശ്യമാണ്.

പുതിയ ഇലക്ട്രിക്കൽ സെക്ഷന് നടപടി

4 (371) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നേമം നിയോജകമണ്ഡലത്തിലെ പൂജപ്പുരയിലുള്ള ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് പാപ്പനംകോട്ട് ഒരു പുതിയ ഇലക്ട്രിക്കൽ സെക്ഷൻ സ്ഥാപിക്കുന്നതു സംബന്ധിച്ചുള്ള നടപടികളുടെ പുരോഗതി വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

നേമം നിയോജകമണ്ഡലത്തിലെ പൂജപ്പുരയിലുള്ള ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് പാപ്പനംകോട് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം വൈദ്യുതി ബോർഡ് പരിശോധിച്ചിരുന്നു. നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25,000-ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ലധികം ആവുകയും ചെയ്യുന്ന സാഹചര്യത്തിൽ ആണ് സാധാരണ ഗതിയിൽ ബോർഡ് പുതിയ ഇലക്ട്രിക്കൽ ഓഫീസ് അനുവദിക്കുന്നത്. 38 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള പൂജപ്പുര സെക്ഷന്റെ കീഴിൽ നിലവിൽ ഏകദേശം 31,000 ഉപഭോക്താക്കളാണ് ഉള്ളത്.

മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾക്കുള്ളിൽ ഉൾപ്പെടാത്തതിനാൽ പൂജപ്പുര ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് പാപ്പനംകോട് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ സ്ഥാപിക്കുന്ന വിഷയം പരിഗണിച്ചിട്ടില്ല.

സബ് എഞ്ചിനീയർ-കം-കളക്ഷൻ സെന്റർ

5 (372) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ കരിപ്ര ഗ്രാമപഞ്ചായത്തിലെ നെടുമൺകാവ് ആസ്ഥാനമാക്കി സബ് എഞ്ചിനീയർ-കം-കളക്ഷൻ സെന്റർ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ ബഹു. ഊർജ്ജ വകുപ്പുമന്ത്രി ഇലക്ട്രിസിറ്റി ബോർഡ് അധികാരികൾക്ക് നിർദ്ദേശം നൽകിയത് എന്നാണ്;

(ബി) പ്രസ്തുത സെന്റർ നാളിതുവരെ ആരംഭിക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കുമോ ;

(സി) പ്രസ്തുത സെന്റർ അടിയന്തരമായി തുറക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 29-7-2015-നാണ് ഇതുസംബന്ധിച്ച നിർദ്ദേശം നൽകിയത്.

(ബി&സി) നെടുമൺകാവ് വാർഡിൽ ഉൾപ്പെടുന്ന ഉപഭോക്താക്കൾ നിലവിൽ നല്ലില സെക്ഷന്റെ പരിധിയിലാണ് വരുന്നത്. നെടുമൺകാവ് ആസ്ഥാനമാക്കി സബ് എൻജിനീയർ-കം-കളക്ഷൻ സെന്റർ അനുവദിക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ കൊട്ടാരക്കര ഇലക്ട്രിക്കൽ സർക്കിളിലെ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ആയത് ബോർഡിന്റെ പരിഗണനയിലാണ്.